കേരള ഫീഡ്സ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
കല്ലേറ്റും കര, തൃശ്ശൂർ ജില്ല., പിൻ 680 683
ഫോൺ : 0480 -2713550
ഫാക്സ് : 04802720194 e- mail: materials.kfl@kerala.gov.in
Website : www.keralafeeds.com

**KFL/397/98** **04.03.2026**

## അസംസ്കൃത പദാർത്ഥങ്ങളുടെ കാലിയായചാക്കുകൾ കെട്ടുകളാക്കി അടുക്കി വയ്ക്കുന്നതിനുള്ള പുനഃ ഇ - ദർഘാസ്

കേരള ഫീഡ്സ് ലിമിറ്റഡിന്റെ കല്ലേറ്റുംകരയിലുള്ള പ്ലാന്റിൽ അസംസ്കൃത വസ്തുക്കൾ സൂക്ഷിക്കുന്ന ഗോഡൗൺ, സൈലോ , സ്റ്റോറേജ് യാഡ്, മറ്റു നിർദ്ദേശിക്കുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ വരുന്ന കാലിയായ ചണചാക്കുകൾ , പ്ലാസ്റ്റിക് ചാക്കുകൾ എന്നിവ 50 എണ്ണം വരുന്ന കെട്ടുകളാക്കി അടുക്കി വയ്ക്കുന്നതിനുള്ള പുനഃ ഇ - ദർഘാസ് കേരള ഗവൺമെന്റിന്റെ ഇ - ടെണ്ടറിങ്ങ് സംവിധാനം വഴി ക്ഷണിച്ചു കൊള്ളുന്നു. കരാറിന്റെ കാലാവധി രണ്ടു വർഷത്തേയ്ക്കായിരിക്കും. വിശദവിവരങ്ങൾക്കും ദർഘാസ് സമർപ്പിക്കുന്നതിനും www.etenders.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്. പുനഃ ഇ - ദർഘാസിനെക്കുറിച്ചുള്ള വിവരങ്ങൾ കമ്പനി വെബ്സൈറ്റായ www.keralafeeds.com - ൽ കൂടിയും ലഭ്യമാണ്.

'ടെക്നിക്കൽ ബിഡ് ' , 'പ്രൈസ് ബിഡ് ' എന്നിങ്ങനെ രണ്ടു ഭാഗങ്ങളായിട്ടായിരിക്കണം പുനഃ ദർഘാസ് സമർപ്പിക്കേണ്ടത്. ടെക്നിക്കൽ ബിഡ് യോഗ്യരായവരെ മാത്രമായിരിക്കും പ്രൈസ് ബിഡ് തുറക്കുന്നതിനായി പരിഗണിക്കുക. പുനഃ ഇ - ദർഘാസിനൊപ്പം ഫോറത്തിനുള്ള ഫീ, നിരതദ്രവ്യം, നിർദ്ദിഷ്ട രേഖകൾ എന്നിവ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

പുനഃ ഇ - ദർഘാസ് ഫോറം ഫീ : ₹ **2000/-** + ജിഎസ്ടി **18%** ( ₹ **2360/-**)

നിരതദ്രവ്യം : ₹ **10,000/-**

പുനഃ ഇ - ദർഘാസ് സമർപ്പിക്കുന്നതിനുള്ള അവസാന തിയ്യതി, സമയം : **16.03.2026, 6.00 PM**

ഈ പുനഃ ഇ - ദർഘാസുമായി ബന്ധപ്പെട്ട് എന്തെങ്കിലും പുതുക്കൽ, കൂട്ടിചേർക്കൽ മുതലായവ ഉണ്ടെങ്കിൽ മേൽ പ്രസ്താവിച്ച വെബ് സൈറ്റുകളിൽ മാത്രം നൽകുന്നതാണ്.

പുനഃ ഇ - ദർഘാസ് സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അന്തിമ അധികാരം മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

ഒപ്പ്
മാനേജിംഗ് ഡയറക്ടർ.

കേരള ഫീഡ്സ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
കല്ലേറ്റും കര, തൃശ്ശൂർ ജില്ല., പിൻ 680 683
ഫോൺ : 0480-2713550
ഫാക്സ് : 04802720194 e- mail: materials.kfl@kerala.gov.in
Website : www.keralafeeds.com

**KFL/397/98** **04.03.2026**

**അസംസ്കൃത പദാർത്ഥങ്ങളുടെ കാലിയായചാക്കുകൾ കെട്ടുകളാക്കി അടുക്കി വയ്ക്കുന്നതിനുള്ള പുനഃ ഇ - ദർഘാസ്**

കേരള ഫീഡ്സ് ലിമിറ്റഡിന്റെ കല്ലേറ്റുംകരയിലുള്ള പ്ലാന്റിൽ അസംസ്കൃത വസ്തുക്കൾ സൂക്ഷിക്കുന്ന ഗോഡൗൺ, സൈലോ , സ്റ്റോറേജ് യാഡ് എന്നിവിടങ്ങളിൽ വരുന്ന കാലിയായ ചണചാക്കുകളും പ്ലാസ്റ്റിക് ചാക്കുകളും 50 എണ്ണം വരുന്ന കെട്ടുകളാക്കി കമ്പനി നിർദ്ദേശിക്കുന്ന സ്ഥലത്ത് അടുക്കി വയ്ക്കുന്നതിനായി പുനഃ ഇ - ദർഘാസ് കേരള ഗവൺമെന്റിന്റെ ഇ - ടെണ്ടറിങ്ങ് സംവിധാനം വഴി ക്ഷണിച്ചു കൊള്ളുന്നു. പുനഃ ഇ - ദർഘാസ് സമർപ്പണത്തിനും തുടർന്നുള്ള പ്രവർത്തനങ്ങൾക്കും താഴെ പറയുന്ന വ്യവസ്ഥകൾ ബാധകമാണ്.

A. ദർഘാസ് നിബന്ധനകൾ

1. പുനഃ ഇ - ദർഘാസ് സമർപ്പിക്കേണ്ടത് കേരള സർക്കാരിന്റെ ഇ - ടെണ്ടർ വെബ്സൈറ്റായ www.etenders.kerala.gov.in എന്ന വെബ്സൈറ്റ് വഴിയാണ്.

2. പുനഃ ഇ - ദർഘാസ് സമർപ്പിക്കുന്നതിനുള്ള അവസാന തിയ്യതി, സമയം : **16.03.2026, 6.00 PM**

3. ' ടെക്നിക്കൽ ബിഡ് ' , 'പ്രൈസ് ബിഡ് ' എന്നിങ്ങനെ രണ്ട് ഭാഗങ്ങളായാണ് പുനഃ ഇ - ദർഘാസ് സമർപ്പിക്കേണ്ടത്. ടെക്നിക്കൽ ബിഡിൽ യോഗ്യരായവരെ മാത്രമായിരിക്കും പ്രൈസ് ബിഡ് തുറക്കുന്നതിനായി പരിഗണിക്കുക.

4. പുനഃ ഇ - ദർഘാസ് ഫോറം ഫീയായ ₹ **2000/-**+ ജിഎസ്ടി **18%** (₹ **2360 /-**) പുനഃ ദർഘാസിനൊപ്പം ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

5. പുനഃ ദർഘാസുകൾക്കൊപ്പം ₹ **10,000/-** നിരതദ്രവ്യം ഓൺലൈനായി അടയ്ക്കേണ്ടതാണ്. നിരതദ്രവ്യം അടയ്ക്കാത്ത പുനഃ ഇ - ദർഘാസ് പരിഗണിയ്ക്കുന്നതല്ല. പുനഃ ഇ - ദർഘാസ് ഉറപ്പിച്ച ശേഷം പുനഃ ഇ - ദർഘാസിൽ

നിന്ന് പിൻമാറുകയോ വർക്ക് ഓർഡർ സ്വീകരിക്കാതിരിക്കുകയോ ചെയ്യുന്ന പക്ഷം നിരതദ്രവ്യം കണ്ടുകെട്ടുന്നതാണ്. കരാർ ലഭിക്കാത്തവരുടെ നിരതദ്രവ്യം, സാങ്കേതിക തടസ്സങ്ങളോ, വീഴ്ചയോ ഇല്ലാത്ത പക്ഷം തിരിച്ചു നല്കുന്നതാണ്.

6. തൊഴിലാളികളെ സ്ഥാപനങ്ങളിൽ കരാർ ജോലിക്ക് നിയോഗിക്കുന്ന മേഖലയിൽ ചുരുങ്ങിയത് ഒരു വർഷത്തെ മുൻ പരിചയം ഉണ്ടായിരിക്കേണ്ടതാണ്. ആയതിന്റെ രേഖകളുടെ കോപ്പി ഇതോടൊപ്പം സമർപ്പിക്കേണ്ടതാണ്.

7. കരാറിൽ പങ്കെടുക്കുന്ന വ്യക്തി ക്രിമിനൽ കേസുകളിലൊന്നും ഉൾപ്പെട്ടിട്ടുണ്ടാവാൻ പാടുള്ളതല്ല. ഇത് വ്യക്തമാക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ പത്രിക പുനഃ ഇ - ദർഘാസിനൊപ്പം സമർപ്പിക്കണം.

8. കരാറുകാരന് / സ്ഥാപനത്തിന് PAN കാർഡ് ഉണ്ടായിരിക്കേണ്ടതാണ്. പുനഃ ദർഘാസിനൊപ്പം ഇതിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സമർപ്പിക്കേണ്ടതാണ്.

9. കരാറുകാരന് / സ്ഥാപനത്തിന് ജിഎസ്ടി സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കേണ്ടതാണ്. പുനഃ ഇ - ദർഘാസിനൊപ്പം ഇതിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സമർപ്പിക്കേണ്ടതാണ്.

10. പുനഃ ഇ - ദർഘാസിനൊപ്പം സമർപ്പിക്കുന്ന വ്യക്തിയുടെ വിലാസം വ്യക്തമാക്കുന്ന രേഖയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് വയ്ക്കേണ്ടതാണ്. ( ഉദാഃ ആധാർ കാർഡ്, ഇലക്ഷൻ ഐഡി കാർഡ്). സ്ഥാപനങ്ങളാണെങ്കിൽ പാർട്ണർഷിപ്പ് ഡീഡ് / സർട്ടിഫിക്കേറ്റ് ഓഫ് ഇൻകൊർപ്പറേഷൻ / റെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവയിൽ അനുയോജ്യമായതിന്റെ പകർപ്പ് നല്കേണ്ടതാണ്.

11. പുനഃ ഇ - ദർഘാസിന്റെ കാലാവധി രണ്ടു വർഷമായിരിക്കും. കമ്പനിക്ക് അവശ്യമെന്ന് തോന്നുന്ന പക്ഷം ഇതേ നിരക്കിലും ഇതേ വ്യവസ്ഥകൾക്കും വിധേയമായി കരാർ കാലാവധി കഴിഞ്ഞ് മൂന്നു മാസത്തിൽ കവിയാത്ത കാലയളവിലേയ്ക്ക് കരാർ നീട്ടുന്നതിന് കമ്പനിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

12. ജോലിയുടെ രീതി കാണാനാഗ്രഹിക്കുന്നവർക്ക് 05.03.2026 മുതൽ 13.03.2026 വരെ ഓഫീസ് പ്രവർത്തന സമയത്ത് സൗകര്യം ചെയ്തു കൊടുക്കുന്നതാണ്.

13. പുനഃ ഇ - ദർഘാസ് ഉറപ്പിച്ചു കിട്ടുന്ന വ്യക്തി/സ്ഥാപനം നിർദ്ദിഷ്ട മാതൃകയിൽ കമ്പനിയുമായി രൂപ 200/- മുദ്രപത്രത്തിൽ ഉടമ്പടി ഒപ്പു വയ്ക്കേണ്ടതാണ്.

14. കരാർ അനുവദിക്കപ്പെട്ട വ്യക്തി / സ്ഥാപനം പത്തു ദിവസത്തിനകം രൂപ 40,000/- കരുതൽ ധനമായി (സെക്യൂരിറ്റി ഡെപ്പോസിറ്റ്) സമർപ്പിക്കേണ്ടതാണ്. ( ഇവരുടെ നിരതദ്രവ്യം കരുതൽ ധനത്തിലേക്ക് മാറ്റുന്നതും ബാക്കി വരുന്ന തുക മാത്രം അടയ്ക്കേണ്ടതുമാണ്.) കരാർ കാലാവധി വിജയകരമായി പൂർത്തീകരിക്കുന്നപക്ഷം ഈ തുക തിരിച്ച് നല്കുന്നതാണ്. കരാറിനു ശേഷം ഏതെങ്കിലും തരത്തിൽ ബാധ്യതകൾ നില്ക്കുന്നുണ്ടെങ്കിൽ പ്രസ്തുത തുക കരുതൽധനത്തിൽ നിന്നും കുറവു വരുത്തുകയോ, കരുതൽ ധനം കണ്ടുകെട്ടുകയോ ചെയ്യുന്നതായിരിക്കും.

15. കരാർ തൊഴിലാളികളുടെ പേര്, മേൽ വിലാസം, വയസ്സ് എന്നിവ ഒരു വെള്ള പേപ്പറിൽ എഴുതി തയ്യാറാക്കി അവരുടെ ഇലക്ഷൻ ഐഡന്റിറ്റി കാർഡിന്റെ / ആധാർ കാർഡിന്റെ കോപ്പി സഹിതം കരാർ ഏറ്റെടുക്കുന്നതിനു മുമ്പായി കമ്പനിയിൽ സമർപ്പിക്കേണ്ടതാണ്.

16. കരാർ തുക സമർപ്പിക്കേണ്ടത് 50 എണ്ണമുള്ള ചാക്കുകെട്ട് ഒന്നിനാണ് ( നിലവിലുള്ള നികുതികൾ, ചാർജ്ജുകൾ, സർ ചാർജ്ജുകൾ, സെസ്സ് മുതലായവ ഉൾപ്പെടെ)

B. പണമൊടുക്കൽ നിബന്ധനകൾ

1. കരാറുകാരൻ അതാത് മാസം ചെയ്ത തൊഴിലിന്റെ ബില്ല് മെറ്റീരിയൽസ് ഡിപ്പാർട്ടുമെന്റിൽ സമർപ്പിക്കേണ്ടതാണ്.

2. കരാറുകാരൻ PF/ESI എന്നിവയുടെ ബന്ധപ്പെട്ട തുകകൾ അടച്ചതിന്റെ രേഖകൾ അടുത്ത ബില്ലിനൊപ്പം കമ്പനിയിൽ സമർപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ബില്ല് തുക തടഞ്ഞു വയ്ക്കുവാൻ കമ്പനിയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. കരാറുകാരൻ അഭ്യർത്ഥിക്കുന്ന പക്ഷം PF/ESI എന്നിവയ്ക്കുള്ള തുക ബില്ലിൽ നിന്നും കിഴിവ് ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കുന്ന കാര്യം കമ്പനി പരിഗണനാവിധേയമാക്കുന്നതാണ്.

3. അതാത് മാസത്തെ ബില്ല് സമർപ്പിച്ചതിനുശേഷം നിയമാനുസൃതമായ കിഴിവുകൾക്ക് വിധേയമായി തുക നല്കുന്നതായിരിക്കും.

C. കരാർ പ്രവൃത്തിയുമായി ബന്ധപ്പെട്ട നിബന്ധനകൾ

1. അസംസ്കൃത പദാർത്ഥങ്ങൾ വരുന്ന കാലിചാക്കുകൾ (അസംസ്കൃത പദാർത്ഥ ഗോഡൗൺ, സൈലോകൾ, സ്റ്റോറേജ് യാഡ്, മറ്റു നിർദ്ദേശിക്കുന്ന സ്ഥലങ്ങളിലും) വൃത്തിയായി കുടഞ്ഞ് 50 ചാക്കുകളുള്ള കെട്ടുകളാക്കി അസംസ്കൃത പദാർത്ഥ ഗോഡൗൺ, സൈലോ, ഓപ്പൺ യാഡ് എന്നിവിടങ്ങളിൽ കമ്പനി നിശ്ചയിക്കുന്ന സ്ഥലത്ത് അട്ടിയിട്ടുവയ്ക്കേണ്ടതാണ്. മേൽ പറഞ്ഞ ജോലികൾ തൃപ്തികരമായി നടത്തുവാൻ കഴിവുള്ളവരും അതിനാവശ്യമായ തൊഴിലാളികളെ സ്വന്തമായി വെച്ച് നടത്തുവാൻ കഴിവുള്ളവരുമായിരിക്കണം പുനഃ ഇ - ദർഘാസ് നൽകേണ്ടത്.

2. ഈ പണിക്കാവശ്യമായ ചണ/പ്ലാസ്റ്റിക് നൂലും സൂചിയും കോൺട്രാക്ടർ തന്നെ കൊണ്ടു വരേണ്ടതാണ്. കമ്പനിയിൽ നിന്നും ശേഖരിക്കുന്ന വസ്തുക്കൾ ഈ പ്രവൃത്തിക്കായി ഉപയോഗിക്കുവാൻ പാടുള്ളതല്ല.

3. അതാതു സമയത്ത് (ഓരോ ഷിഫ്റ്റിലും) കാലിയാകുന്ന എല്ലാ ചാക്കുകളും (അസംസ്കൃത പദാർത്ഥ ഗോഡൗൺ, സൈലോ, സ്റ്റോറേജ് യാഡ്, മറ്റു നിർദ്ദേശിക്കുന്ന സ്ഥലങ്ങളിലും) അതാതു ദിവസം (അതാതു ഷിഫ്റ്റിൽ) തന്നെ കെട്ടുകളാക്കി അടുക്കി വയ്ക്കേണ്ടതാണ്. കമ്പനിയുടെ എല്ലാ പ്രവൃത്തി ദിവസങ്ങളിലും (ഞായറാഴ്ചയും ഹർത്താൽ ഉൾപ്പെടെയുള്ള ദിവസങ്ങളിലും) യഥാസമയം ആവശ്യമായ തൊഴിലാളികളെ നൽകി ജോലി നടത്തേണ്ടതായിരിക്കും.

4. DORB സൈലോയിൽ , Old Silo യിൽ വരുന്ന ചാക്കുകൾ അൺലോഡിംഗിന് തടസ്സമില്ലാത്ത വിധം അപ്പപ്പോൾ തന്നെ നീക്കം ചെയ്യേണ്ടതാണ്.

5. കാലിയായ ചാക്കുകൾ കുടഞ്ഞ് വൃത്തിയാക്കി സ്ഥലത്ത് കിടക്കുന്ന വസ്തുക്കൾ ദിവസവും തൂത്തുവാരി കമ്പനി നിർദ്ദേശിക്കുന്ന സ്ഥലത്ത് ചാക്കുകളിലാക്കി കെട്ടി സൂക്ഷിക്കേണ്ടതാണ്. സൈലോയിൽ വൃത്തിയാക്കിയ അസംസ്കൃത പദാർത്ഥങ്ങൾ സൈലോയിലേക്ക് ഡംപ് ചെയ്യേണ്ടതാണ്.

6. ചാക്കുകൾ 50 എണ്ണത്തിന്റെ റോളുകളാക്കി കെട്ടുകൾ അഴിഞ്ഞ് പോകാത്ത വിധം ചണ/പ്ലാസ്റ്റിക് നൂൽ മുറുക്കി കെട്ടേണ്ടതാണ്. ചണ/ പ്ലാസ്റ്റിക് ചാക്കുകൾ പുറത്തേയ്ക്ക് വരാത്ത വിധം രണ്ടു വശങ്ങളിൽ (നീളത്തിലും,വട്ടത്തിലും) കൂടി ഉറപ്പിച്ചു കെട്ടേണ്ടതാണ്.

7. കെട്ടിയ ചാക്കുകൾ കമ്പനി നിർദ്ദേശിക്കുന്ന സ്ഥലത്ത് അട്ടിവയ്ക്കേണ്ടതാണ്. ചണച്ചാക്കുകൾ അഞ്ച് അട്ടി ഉയരത്തിലും പ്ലാസ്റ്റിക്ക് ചാക്കുകൾ പത്ത് അട്ടി ഉയരത്തിലും വയ്ക്കേണ്ടതാണ്.

8. യാതൊരു കാരണവശാലും ചാക്കുകൾ കുടഞ്ഞ് കെട്ടാത്തത് ഫാക്ടറിയുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുവാൻ പാടുള്ളതല്ല. ഡ്രസ്സ് മാറുന്നതിനായി അനുവദിച്ചിരിക്കുന്ന മുറിയിൽ ഡ്യൂട്ടി സമയത്ത് ഇരിക്കുന്നത് അനുവദനീയമല്ല.മേൽ പറയപ്പെട്ട ജോലികളിൽ വീഴ്ച വരുത്തുന്ന പക്ഷം യാതൊരു വിധ മുന്നറിയിപ്പും ഇല്ലാതെ കഷ്ടനഷ്ടങ്ങൾ ഈടാക്കുന്നതിനും ആവശ്യമെങ്കിൽ കരാർ റദ്ദു ചെയ്യുവാനും പകരം സംവിധാനം ഏർപ്പെടുത്തുവാനും കമ്പനിയ്ക്ക് അധികാരം ഉണ്ടായിരിയ്ക്കും.

9. ഗോഡൗണിലെ ട്രോളി, കൺവെയർ , മറ്റു Material Handling Equipments എന്നിവ ഈ ജോലിക്ക് ഉപയോഗിക്കാൻ പാടുള്ളതല്ല.

10. കരാർ തൊഴിലാളികളുടെ സുരക്ഷിതത്വം കരാറുകാരനിൽ നിക്ഷിപ്തമാണ്. കമ്പനിയിൽ ജോലി ചെയ്യുമ്പോൾ സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ട രീതിയിലുള്ള വസ്ത്രധാരണം അനിവാര്യമാണ്. ജോലിക്കാർക്കുണ്ടാകുന്ന അപകടങ്ങൾക്കും

പരിക്കുകൾക്കും മറ്റുമുള്ള ചികിത്സയും നഷ്ടപരിഹാരവും നൽകുവാൻ കമ്പനി ബാധ്യസ്ഥരല്ല.

11. കരാർ തൊഴിലാളികളുടെ പ്രൊവിഡണ്ട് ഫണ്ട്, ഈ.എസ്.ഐ മുതലായ നിയമാനുസൃതമായ ബാധ്യതകൾക്കു കരാറുകാരൻ ഉത്തരവാദിയായിരിയ്ക്കും. കമ്പനിയ്ക്ക് അതിൻമേൽ യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല. ഇതുമായി ബന്ധപ്പെട്ട് കരാറുകാരൻ 200 രൂപ വിലയുള്ള മുദ്രപത്രത്തിൽ ഇന്റെമനിറ്റി ബോണ്ട് പൂരിപ്പിച്ചു നൽകേണ്ടതാണ്.

12. മേൽ വിവരിച്ച ജോലികൾക്കായി നിയോഗിക്കുന്ന ആളുകളുടെ സേവന വേതന വ്യവസ്ഥകളും അതുപോലെ തൊഴിലാളികൾക്ക് നിയമാനുസൃതം ലഭിക്കേണ്ടതായ ആനുകൂല്യങ്ങളും, ബോണസ് , അഡ്വാൻസ്, ഉത്സവബത്ത എന്നിവയും പൂർണ്ണമായും കൊടുത്ത് തീർക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. ഇവർ കമ്പനി തൊഴിലാളികൾ ആയിരിക്കില്ല. ഇവർക്ക് ജോലി സമയത്ത് ഉണ്ടായേക്കാവുന്ന അപകടങ്ങൾക്ക് കമ്പനി ഉത്തരവാദി ആകുന്നതല്ല.

13. കോൺട്രാക്ട് (ലേബർ റെഗുലേഷൻ & അബോളിഷൻ) ആക്ടിലെയും Minimum Wages Actലേയും ചട്ടങ്ങളും വ്യവസ്ഥകളും പാലിക്കേണ്ടതു് കരാറുകാരന്റെ ബാധ്യതയാകുന്നു. അതുപോലെ മറ്റു ബാധകമായ തൊഴിൽ നിയമങ്ങളും, വ്യവസ്ഥകളും, ചട്ടങ്ങളും പാലിക്കുവാൻ കരാറുകാരന് ബാധ്യത ഉണ്ട്.

14. ചാക്കുകൾ കെട്ടുന്നതിനുള്ള പ്രവൃത്തി സമയം കാലത്ത് 8 മണി മുതൽ വൈകുന്നേരം 6 മണി വരെയായിരിക്കും. ചാക്ക് കെട്ടിവയ്ക്കുന്നതിന് ആവശ്യമായ തൊഴിലാളികൾ ഈ സമയം കമ്പനിയിൽ ഉണ്ടായിരിക്കേണ്ടതാണ്. തലേ ദിവസം രാത്രിയിൽ വരുന്ന കാലിചാക്കുകൾ തൊട്ടടുത്ത ദിനം ഉച്ചയ്ക്കു മുമ്പേ കെട്ടി തീർക്കേണ്ടതാണ്. ആവശ്യമെങ്കിൽ പ്രവൃത്തി സമയത്തിൽ മാറ്റം വരുത്താൻ കമ്പനിയ്ക്ക് അധികാരമുണ്ടായിരിക്കും.

15. പ്രവൃത്തികളുടെ മേൽ നോട്ടം കരാറുകാരൻ നേരിട്ടോ ഉത്തരവാദിത്തപ്പെട്ട സൂപ്പർവൈസർ വഴിയോ നിർവ്വഹിക്കേണ്ടതാണ്.

16. <u>പ്രായപരിധി:</u> കരാർ ഏറ്റെടുക്കുന്ന വ്യക്തി ജോലിക്കു നിയോഗിക്കുന്ന തൊഴിലാളികളുടെ പ്രയ പരിധി 18 നും 58 നും ഇടയിലായിരിക്കേണ്ടതാണ്. കരാർ കാലയളവിനിടയിൽ ഏതെങ്കിലും വ്യക്തിക്ക് 58 വയസ്സ് തികയുകയാണെങ്കിൽ ആ വ്യക്തിയെ മാറ്റി ആവശ്യമെങ്കിൽ ബദൽ സംവിധാനം ചെയ്യേണ്ടതാണ്. (കമ്പനി പൊതുവായി വിരമിക്കൽ പ്രായം മാറ്റുന്നതിനനുസരിച്ച് പ്രായപരിധിയിൽ വ്യത്യാസം ആവശ്യമെങ്കിൽ വരുത്തുന്നതാണ്)

17. അതാത് ദിവസം / ഷിഫ്റ്റിൽ കെട്ടുന്ന ചാക്കുകളുടെ എണ്ണം, അന്നേ ദിവസം പ്രവൃത്തി ചെയ്ത തൊഴിലാളികളുടെ വിശദാംശം എന്നിവ രേഖാമൂലം മെറ്റീരിയൽസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർക്ക് കൊടുക്കേണ്ടതും അവരെ ബോധ്യപ്പെടുത്തേണ്ടതുമാണ്. ആവശ്യമായ പക്ഷം പ്രാധിനിത്യ സ്വഭാവത്തിൽ കെട്ടുകൾ അഴിച്ച് പരിശോധിക്കുന്നതിനും വീണ്ടും കെട്ടിവയ്ക്കാൻ ആവശ്യപ്പെടുന്നതിനും കമ്പിനിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

D. പൊതുനിബന്ധനകൾ

1. കേരള ഫീഡ്സിലെ സ്ഥിരജീവനക്കാരോ, കേരള ഫീഡ്സിലെ അംഗീകൃത ഹെഡ്ലോഡ് തൊഴിലാളികളോ പുനഃ ഇ - ദർഘാസിൽ പങ്കെടുക്കാൻ പാടുള്ളതല്ല.

2. ടെണ്ടർ നടപടിക്രമങ്ങൾക്കുള്ള സമയം പരിഗണിച്ചുകൊണ്ട് പുനഃ ഇ -ദർഘാസ് തുറന്നതിനു ശേഷം 90 ദിവസത്തേക്ക് തന്നിരിക്കുന്ന പുനഃ ഇ - ദർഘാസുകൾക്ക് സാധുതയുണ്ടായിരിക്കേണ്ടതാണ്. ഇക്കാലയളവിൽ യാതൊരു കാരണവശാലും പുനഃ ദർഘാസുകൾ പിൻവലിക്കാൻ പാടുള്ളതല്ല.

3. പുനഃ ഇ -ദർഘാസിലെ വ്യവസ്ഥകൾ ഭേദഗതി വരുത്തുന്നതിനും കൂട്ടി ചേർക്കുന്നതിനും നീക്കം ചെയ്യുന്നതിനും പുനഃ ദർഘാസ് ഭാഗികമായോ പൂർണ്ണമായോ റദ്ദാക്കുന്നതിനും കമ്പനി മാനേജിംഗ് ഡയറക്ടർക്ക് അധികാരമുണ്ടായി രിക്കുന്നതിനാണ്.

4. പുനഃ ഇ - ദർഘാസ് ഭാഗികമായോ പൂർണ്ണമായോ സ്വീകരിയ്ക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അന്തിമ അധികാരം മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. നിരക്കുകൾ സംബന്ധിച്ച് ദർഘാസുകാരുമായി കൂടിയാലോചന നടത്താനുള്ള അധികാരം മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

5. കരാറുകാരന്റെ പ്രവൃത്തികൾ തൃപ്തികരമല്ലാത്ത പക്ഷം മുന്നറിയിപ്പ് കൂടാതെ തന്നെ കരാർ റദ്ദു ചെയ്യുന്നതും സുരക്ഷിതത്വ നിക്ഷേപം കണ്ടുകെട്ടുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും. പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് ഒരു മാസത്തിൽ കുറയാത്ത കാലയളവിൽ നോട്ടീസു നല്കി കരാർ അവസാനിപ്പിക്കുന്നതിനും കമ്പനിക്ക് അധികാരമുണ്ടായിരിക്കും.

6. പ്രസ്തുത കരാറിനെ സംബന്ധിക്കുന്ന എല്ലാ നിയമപരമായ നടപടികളുടെയും പരിധി ഇരിങ്ങാലക്കുട മുൻസിഫ് കോടതിയിലായിരിയ്ക്കും.

## E. സമർപ്പിക്കേണ്ട രേഖകൾ

താഴെപ്പറയുന്ന രേഖകൾ / പണം ഈ പുനഃ ഇ - ദർഘാസുമായി ബന്ധപ്പെട്ട് ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

1. ടെക്നിക്കൽ ബിഡ്

a. പുനഃ ഇ - ദർഘാസ് ഫോറം ഫീ. ₹ **2000/-**+ജി.എസ്.ടി **18%** (₹ **2360/-).**

b. നിരതദ്രവ്യം (₹ **10,000/-).**

C. പ്രവൃത്തി പരിചയം സംബന്ധിച്ച് സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകൾ.

d. ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടില്ലെന്ന് സ്വയം നല്കുന്ന സാക്ഷ്യപത്രം.

e. PAN കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

f. ജിഎസ്ടി സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

g. വിലാസം വ്യക്തമാക്കുന്ന രേഖയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് (ആധാർ കാർഡ് / ഇലക്ഷൻ ഐഡി കാർഡ്) അഥവാ പാർട്ണർഷിപ്പ് ഡീഡ് / സർട്ടിഫിക്കേറ്റ് ഓഫ് ഇൻകൊർപ്പറേഷൻ / റെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്.

h. കരാറുകാരനെ സംബന്ധിച്ച വിശദവിവരങ്ങൾ, അനുബന്ധത്തിൽ കൊടുത്ത മാതൃകയിൽ.

2. പ്രൈസ് ബിഡ്

പുനഃ ഇ - ദർഘാസിലെ നിബന്ധനകൾക്കനുസൃതമായി നിയമപരമായ എല്ലാ വ്യവസ്ഥകളും പാലിച്ചുകൊണ്ട് 50 എണ്ണമുള്ള ചാക്കുകൾ കെട്ടിവയ്ക്കുന്നതിന് ജിഎസ്ടി അടക്കമുള്ള നികുതികളും മറ്റു നിയമാനുസൃതമായി ചുമത്തപ്പെടുന്ന ചാർജ്ജുകളും ഉൾപ്പടെ കെട്ടൊന്നിന് പുനഃ ദർഘാസുകാരൻ ആവശ്യപ്പെടുന്ന ഏറ്റവും കുറഞ്ഞ തുകയാണ് ഓൺലൈനായി സമർപ്പിക്കേണ്ടത്. *(ജി.എസ്.ടി യുടെ നിലവിലുള്ള നിരക്കിൽ വ്യത്യാസം വരുകയാണെങ്കിൽ അതിനു ആനുപാതികമായ വ്യത്യാസം കരാർ നിരക്കിൽ വരുത്തുന്നതായിരിക്കും.)*

ഒപ്പ്
മാനേജിംഗ് ഡയറക്ടർ

**<u>അനുബന്ധം</u>**

**KFL/397/98** **04.03.2026**

**<u>അസംസ്കൃത പദാർത്ഥങ്ങളുടെ കാലിയായചാക്കുകൾ കെട്ടുകളാക്കി അടുക്കി വയ്ക്കുന്നതിനുള്ള പുനഃ ഇ - ദർഘാസ്</u>**

1. പുനഃ ഇ - ദർഘാസുകാരന്റെ / സ്ഥാപനത്തിന്റെ പേര് :

2. മേൽവിലാസം :

3. ഫോൺ നമ്പർ :

4. ഇ - മെയിൽ :

5. ദർഘാസുകാരന്റെ നിബന്ധന. A -6 പ്രകാരമുള്ള പ്രവൃത്തി പരിചയം (ആകെ വർഷം) :
(ബന്ധപ്പെട്ട രേഖകൾ പുനഃ ഇ - ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്)

a. കമ്പനിയുടെ പേര് , വിലാസം :

കാലയളവ് :

b. കമ്പനിയുടെ പേര് , വിലാസം :

കാലയളവ് :

C. കമ്പനിയുടെ പേര് , വിലാസം :

കാലയളവ് :

**6. മറ്റു കരാർ ജോലികളിലെ പരിചയം :**
(ബന്ധപ്പെട്ട രേഖകൾ പുനഃ ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്)

7. **PAN കാർഡ് നമ്പർ :**

8. **ആധാർ / ഇലക്ഷൻ ഐഡി നമ്പർ അഥവാ സ്ഥാപനത്തിന്റെ റെജിസ്ട്രേഷൻ നമ്പർ :**

9. **ജി.എസ്.ടി നമ്പർ :**

10. **നിലവിൽ കരാറുകാരൻ ഈ.എസ്.ഐ, പ്രൊവിഡണ്ട് ഫണ്ട് റെജിസ്ട്രേഷൻ നടപ്പിൽ വരുത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുക. :**
(ആവശ്യപ്പെടുമ്പോൾ രേഖയുടെ പകർപ്പ് ഹാജരാക്കേണ്ടതാണ്)

## സത്യപ്രസ്താവന

**മേൽസൂചിപ്പിച്ച പുനഃ ഇ - ദർഘാസിന് നിരക്ക് സമർപ്പിക്കുന്ന .......................................................... എന്ന ഞാൻ മേൽ പ്രസ്ഥാവിച്ച കാര്യങ്ങൾയഥാർത്ഥമാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു. പുനഃ ദർഘാസ് നിബന്ധനകൾക്ക് വിധേയമായിട്ടാണ് നിരക്ക് സമർപ്പിക്കുന്നതെന്നും കരാർ ലഭിക്കുകയാണെങ്കിൽ നിബന്ധനകൾക്കനുസൃതമായി കരാർ നടത്തിക്കൊണ്ടു പോകുമെന്നും ഇതിനാൽ ഉറപ്പുനല്കുന്നു.**

**സ്ഥലം:**
**തീയതി:** **ദർഘാസുകാരന്റെ പേര് , ഒപ്പ്.**